# St. Joseph's High School Kulathoor



# NAVAMALIKA

***Digital Magazine***



# സെന്റ് ജോസഫ്സ് ഹൈസ്കൂൾ

# കുളത്തൂർ


# നവമാലികാ

## ഡിജിറ്റൽ മാഗസിൻ



## സന്ദേശം

നൂതന സാങ്കേതികവിദ്യ അതിവേഗം വികസിച്ചുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ ലിറ്റിൽകൈറ്റ്സ് പോലെയുള്ള സംരംഭങ്ങൾ വളരെ ഉചിതമാണ്. ഈ വിദ്യാലയത്തിലെ കൈറ്റ്സ് അംഗങ്ങളുടെ നേതൃത്വത്തിൽ തയ്യാറാക്കിയ 'നവമാലികാ' എന്ന ഡിജിറ്റൽ മാഗസിന് എല്ലാവിധ മംഗളങ്ങളുംനേരുന്നു. ഇതിന്റെപിന്നിൽ പ്രവർത്തിച്ച എല്ലാ അദ്ധ്യപകരേയും വിദ്യാർത്ഥികളേയും അഭിനന്ദിക്കുന്നു. ഏവർക്കും നന്മകൾ നേരുന്നു.



ജോർജ് ഫിലിപ്പ് കെ

ഹെഡ്മാസ്ററർ



## എഡിറ്റോറിയൽ

ഇന്ന് വിദ്യാഭ്യാസരംഗം മാറ്റങ്ങളുടെ പാതയിലൂടെ സഞ്ചരിച്ച കൊണ്ടിരിക്കുകയാണല്ലോ. സാങ്കേതിക വിദ്യയുടെ സ്വാധീനം അതിന്റെ ഒരു ഭാഗം മാത്രമാണ്. ലിറ്റിൽ കൈറ്റ്സിന് ഇതൊരു അഭിമാന മുഹൂർത്തമാണ്. 'നവമാലിക' എന്ന പേരിൽ, കൂട്ടുകാരുടെ വിവിധ രചനകൾ ശേഖരിച്ച് ഒരു പതിപ്പ് തയ്യാറാക്കാൻ സാധിച്ചു. ഈ മാഗസിൻ തയ്യാറാക്കാൻ ഞങ്ങളെ പിന്തുണച്ച ഹെഡ് മാസ്റ്റർ, അധ്യാപകർ, അനധ്യാപകർ തുടങ്ങിയ എല്ലാവരേയും നന്ദിയോടെ ഓർക്കുന്നു.

ആസിഫ് മുഹമ്മദ്
ചീഫ് എഡിറ്റർ

## താളുകൾ മറിക്കുമ്പോൾ ... പേജ്


| | |
|---|---|
| വരും എന്ന പ്രതീക്ഷയോടെ... | 7 |
| ഗുരുവും ശിഷ്യനും | 9 |
| ഏകാന്ത രാത്രി | 11 |
| സൗഹൃദം | 12 |
| വംശം | 13 |
| നിധി | 14 |
| ഗാന്ധിജിയുടെ സന്ദേശം | 15 |
| ശാന്തസുന്ദരമായ പ്രകൃതി | 17 |
| ദൈവത്തിന്റെ സ്വന്തം നാട് | 18 |
| നവകേരളം | 20 |
| പ്രളയാനന്തര നവകേരളം | 21 |
| താങ്ങാകുവാൻ | 24 |
| തത്ത്വചിന്തകൾ | 25 |
| തീരം തേടി | 27 |
| CARNIVAL | 30 |
| COMPUTER QUIZ | 31 |
| TRUE FRIENDSHIP | 33 |
| MAN and ENVIRONMENT | 34 |
| EXAM A CRICKET MATCH | 37 |
| OLYMPICS | 38 |
| ASIAN GAMES | 40 |
| കുട്ടി ആർട്ടിസ്റ്റുകൾ | 41 |
| ലിറ്റിൽ കൈറ്റ്സിന്റെ ചില പ്രവർത്തനങ്ങൾ | 43 |
| അണിയറയിൽ | 45 |



# മലയാളം

# വരും എന്ന പ്രതീക്ഷയോടെ...



## വിനയപ്രിയ വിനോദ് 10 A

മകൻ വരുമെന്നമട്ടിൽ വരാന്തയിൽ കാത്തിരിക്കുന്നു. ഇന്ന് മകന്റെ ജന്മദിനമാണ്. താഴത്തുവീട്ടിൽ ബാലാമണിയമ്മയുടെ വേവലാതികൾ. എന്റെ ഉണ്ണി ഇപ്പോൾ വളർന്നിട്ടുണ്ടാവും അവൻ വലിയൊരാളായി. കുഞ്ഞുനാളിൽ എന്റെ കൈത്തണ്ടിൽ പിടിച്ച് മാത്രമേ വിദ്യാലയത്തിൽ പോകു. എന്റെ കൈകൊണ്ട് ഉരുട്ടുന്ന ചോറുരുളകൾ മാത്രമേ അവൻ കഴിക്കു. മകന്റെ കുസൃതികളും ഓർമ്മകളും മാത്രമാണ് ആ വൃദ്ധയായ അമ്മയെ ജീവിപ്പിക്കുന്നത്. 'അമ്മയുടെ ഉണ്ണി' എന്നാണ് നാട് അവനെ വിളിച്ചത്. കുറുമ്പ് കാട്ടി ഒരു കൊച്ചുകുട്ടിയായി വളർന്നവൻ. അവന്റെ കൈ വളരുന്നോ, കാൽ വളരുന്നോ എന്ന് മാത്രം അമ്മയുടെ വിചാരം. ജീവിത്തിൽ അവന് എല്ലാം അമ്മയാണ്. കാലം മാറുകയും ദിവസങ്ങൾ കഴിയുകയും ചെയ്തു. അവൻ വലുതായി.. വലിയ ഉദ്യോഗസ്ഥൻ. അച്ഛന്റെ മരണം അമ്മയെ തളർത്തി. പക്ഷെ മകനാകട്ടെ ആ അമ്മയെയും നാടിനെയും മറന്ന് വർത്തമാനകാലത്തിന്റെ നിറങ്ങളിൽ മുങ്ങി ജീവിക്കാൻ തുടങ്ങി.

എത്രയായാലും ആ അമ്മയ്ക്ക് ഉണ്ണി പഴയ കുസൃതിക്കാരൻ തന്നെയായിരുന്നു. അവന്റെ വളർച്ചകളെ നിരീക്ഷിക്കുമ്പോഴും അവന്റെ ചിന്തകളെ മനസ്സിലാക്കാൻ ആ അമ്മയ്ക്ക് കഴിഞ്ഞില്ല. മകൻ ഇപ്പോൾ ഒരു കുടുബത്തിന്റെ നാഥനാണ്. ഭാര്യയുടെ നിർബന്ധ പ്രകാരം

അമ്മയെ അനാഥാലയത്തിലാക്കി അയാൾ വിദേശത്തേയ്ക്ക് പോയി. അമ്മയെയും അമ്മയുടെ വാത്സല്യത്തെയും അവൻ അപ്പാടെ മറന്നു. ഇന്ന് ഉണ്ണിയുടെ നാല്പതാം ജന്മദിനം. അഞ്ച് വർഷമായി മകൻ അമ്മയെ അന്വേഷിച്ചില്ലെങ്കിലും അമ്മ അവന്റെ ജന്മദിനമെല്ലാം ഓർക്കുന്നു. ദൈവം തനിക്കു  തന്ന നിധിയുടെ ദിവസമായിയാണ് അവർ അതിനെ കാണുന്നത്. അമ്മ വാങ്ങിത്തരുന്ന പുത്തൻകോടിയണിഞ്ഞ് അമ്പലത്തിൽ പോയി "അമ്മയായ എന്റെ ദേവിയും ദേവിയായ എന്റെ ദേവിയും എന്നെ അനുഗ്രഹിക്കണമേ" എന്ന അവന്റെ പ്രാർത്ഥന ഇപ്പോഴും ആ വൃദ്ധയുടെ കാതിൽ മുഴങ്ങുന്നുണ്ട്. ഈ ജന്മദിനത്തിലെങ്കിലും അവൻ തന്നേ അന്വേഷിച്ചു വരുമെന്ന് അവർ പ്രതീക്ഷിക്കുന്നു. ചുള്ളിക്കമ്പുകൾ പോലെയുള്ള തന്റെ കൈകളിൽ അവനേറെയിഷ്ടമുള്ള നെല്ലിക്കായും വച്ചുകൊണ്ട്, ഒരു ളുണിൽ ചാരി ബാലാമണിയമ്മ പുറത്തേ ഇരുളിലേയ്ക്ക് നോക്കി തനിയേ അവിടെ കാത്തിരുന്നു...





# ഗുരുവും ശിഷ്യനും

## പാർവതി ആർ നായർ 9 B

പണ്ട്.....വളരെ പണ്ട്

ഗുരുകുലവിദ്യാഭ്യാസം നിലനിന്നിരുന്ന കാലം. ഒരിക്കൽ ഒരു ശിഷ്യൻ തന്റെ ഗുരുവിനോടു ചോദിച്ചു. "ഗുരോ... ഈ ലോകജീവിതത്തിൽ മനുഷ്യന്റെ വിലയെന്താണ്?" അല്പനേരത്തെ ആലോചനയ്ക്ക് ശേഷം ഗുരു ചമതപ്പുല്ലുമേഞ്ഞ തന്റെ ആശ്രമത്തിലേയ്ക്ക് കയറിപ്പോയി. "ഈശ്വരാ ഞാൻ ചോദിച്ചത് വല്ല അപരാധവുമായിപ്പോയോ..?"ഇങ്ങനെ ചിന്തിച്ചു നിന്ന ശിഷ്യന്റെ അരികിലേയ്ക്ക് ഗുരു കടന്നു ചെന്നു. ചെളിപുരണ്ടു കിടന്ന ഒരു കരിങ്കൽചീളെടുത്ത് ശിഷ്യനെ ഏല്പിച്ചിട്ട് ഗുരു പറഞ്ഞു. "നീ ഗ്രാമത്തിലെ ഓരോ കച്ചവടക്കാരന്റെയും അടുത്തെത്തിയിട്ട് ഇതിനെന്തു വിലതരുമെന്ന് ചോദിക്കണം. എത്ര വിലപറഞ്ഞാലും ഈ കല്ല് അവർക്ക് കൊടുക്കരുതെന്നു മാത്രം."

ഗുരു നല്കിയ കരിങ്കൽച്ചീളുമായി ശിഷ്യൻ ഗ്രാമത്തിലെ കച്ചവടക്കാരെ സമീപിച്ചു. ഒരു മത്സ്യകച്ചവടക്കാരനെയായിരുന്നു ആദ്യം ശിഷ്യൻ സമീപിച്ചത്. കല്ല് അയാൾ വാങ്ങിനോക്കിയിട്ട് പറഞ്ഞു മീൻ കൊത്താൻ വരുന്ന കാക്കയെ എറിയാം. ഒരു രൂപ തരാം. ശിഷ്യൻ കല്ലുമായി മറ്റൊരു കടയിലെത്തി. പച്ചക്കറി കച്ചവടം നടത്തുന്ന അയാൾ ആ കല്ലുവാങ്ങിനോക്കി ആത്മഗതമായി പറഞ്ഞു. പച്ചക്കറികൾ വെയിലുകൊള്ളാതെ മൂടിയിടുന്ന തുണിയുടെ ഒരു മൂലയ്ക്ക് വെയ്ക്കാം. രണ്ടു രൂപ തരാം.


അങ്ങനെ ഗ്രാമം മുഴവൻ ചുറ്റിസഞ്ചരിച്ച് ഒടുവിൽ ഒരു

വജ്രവ്യാപാരിയുടെ കടയിൽ കയറി. കരിങ്കൽച്ചീള് കണ്ട അയാളുടെ കണ്ണുകളിൽ അത്ഭുതം. അയാൾ ആ കല്ലുമായി ഒരു മുറിക്കുള്ളിലേയ്ക്ക് പോയി. തിരികെ ഒരു വർണ്ണക്കടലാസിൽ ആ കരിങ്കൽകഷണം പൊതിഞ്ഞുകൊണ്ടുവന്നിട്ട് പറഞ്ഞു. തൽക്കാലം രണ്ടു ലക്ഷം രൂപ തരാം. ശിഷ്യനാവട്ടെ വ്യാപാരിയിൽനിന്നും കല്ലുവാങ്ങി സന്ധ്യയായപ്പോഴേക്കും ഗുരുവിന്റെ അരികിലെത്തി. നടന്ന കാര്യങ്ങളെല്ലാം ഓരോന്നായി പറഞ്ഞു.

അപ്പോൾ ഗുരു ശിഷ്യനോടു പറഞ്ഞു. മകനേ ഇതാണ് മനുഷ്യന്റെ വില. ഓരോ മനുഷ്യനും വില നിശ്ചയിക്കുക അസാധ്യമാണ്. ഓരോരുത്തരുടെയും നിലവാരമനുസരിച്ചായിരിക്കും അവൻ മറ്റുള്ളവനെ വിലയിരുത്തുക. നീ കൊണ്ടുപോയ കല്ല് അതിന് നല്ലൊരു ഉദാഹരണമാണ്. മറ്റുള്ളവരെല്ലാം കേവലമൊരു കല്ലായിട്ടുമാത്രം കണ്ടത് സാക്ഷാൽ വിലമതിക്കാനാവാത്ത വജ്രക്കല്ലായിരുന്നു. അത് തിരിച്ചറിഞ്ഞതാവട്ടെ ഒരാൾ മാത്രം.

നമ്മൾക്കെല്ലാം ഈശ്വരൻ തന്ന കഴിവുകൾ വിഭിന്നവാണ്.അത് കണ്ടെത്താൻ എല്ലാവർക്കും കഴിഞ്ഞെന്നു വരില്ല. അത് കണ്ടെത്തി അമൂല്യങ്ങളാകുമ്പോഴാണ് സത്യത്തിൽ നാം വിലമതിക്കാനാവാത്ത രത്നങ്ങളായി മാറുക. ഓരോ മനുഷ്യനിലും ദൈവം നിക്ഷേപിച്ചിരിക്കുന്ന കഴിവുകൾ വിഭിന്നമാണ്. അത് കണ്ടെത്തുമ്പോൾ മാത്രമേ നമ്മുടെ വില നമുക്ക് നിശ്ചയിക്കാനാവൂ. അപ്പോൾ ശിഷ്യൻ ഗുരുവിന്റെ മുമ്പിൽ സാഷ്ടാഗം പ്രണമിച്ചു.






# ഏകാന്ത രാത്രി

## ജോസ്മി തോമസ് 9 A

സന്ധ്യാദീപം മറയുന്ന മണ്ണിൽ
സാന്ദ്രമാം ദുഃഖസന്ധ്യ പൂത്തു
ഉലയുന്ന കരളിന്റെ ഘോരമാം
ഗർജനതീവ്രത മറയുന്ന മണ്ണിൽ

ആ മനോവേർപാടിൻ പാതിരാ
രാത്രിതൻ ദുഃഖങ്ങളെന്നെ
തേടിത്തിരയവേ....
അമ്മയെ കാണുവാൻ കൊതിക്കു
ന്നെന്നുമെൻ മനസ്സിൽ
എന്റെയാ അമ്മമാത്രം.



ആ കുഞ്ഞു കുടിലിന്റെ ഭിത്തിമേൽ
തളം കെട്ടി നിൽക്കുന്ന
അമ്മതൻ ഗന്ധം...വേദന
പെരുകുന്ന മനസ്സിന്റെ ഭാര
മുരുകുന്ന വേദന വീണ്ടും...



# സൗഹൃദം

## നാഫിയ സുൽത്താന 9 B

നേരായ സൗഹൃദം നേരുള്ളസൗഹൃദം
നെഞ്ചിൽ തൊട്ടുണർത്തുന്ന സൗഹൃദം
നാളൊന്നിൽ പൊഴിയാത്ത സൗഹൃദം
നാമൊന്നായി തീരുന്ന സൗഹൃദം

നക്ഷത്രമായി തിളങ്ങുന്ന സൗഹൃദം
നല്ലോരു സൗഹൃദം
പൊഴിയാതെ പെയ്തൊഴിയാതെ
കൺചിമ്മും എൻ സൗഹൃദം

എന്നിലേക്കെന്നും ഒഴുകുന്ന സൗഹൃദം
എൻ ജീവനിൽ പടരുന്ന സൗഹൃദം
എന്നെ ഞാനാക്കുന്ന സൗഹൃദം
പൂവായ് പുൽക്കൊടിയായി സൗഹൃദം

മഴപോലെ പെയ്യുന്ന സൗഹൃദം
നിഴലായി ഒഴുകുന്ന സൗഹൃദം
സൂര്യശോഭ പൊഴിക്കുന്ന സൗഹൃദം
അഗ്നിപോൽ പടരുന്ന സൗഹൃദം
എൻ സൗഹൃദം





# വംശം

## തസ്‌ലീമ കെ എസ്  9 B

കേരളത്തിൽ പണ്ടു പണ്ടേ പാർത്തിരുന്നൊരു ജനം
പാരിടത്തിൽ ഹീനരായി ഭവച്ചൊരു കഥ
ഓർത്തിടുമ്പോൾ ഖേദമുള്ളിൽ തോന്നിടുന്നവ
ചേർത്തിടട്ടേ സ്വന്തരാഗത്തിൽ ചിലതെല്ലാം

കേരളത്തിൻ ചരിത്രങ്ങളോരോന്നുംപരിശോധിച്ച ഞാൻ
എൻവംശത്തിൻ കഥകളൊന്നും കേട്ടില്ലതിൽ
കാണുന്നില്ലൊരക്ഷരവും എന്നാൽ കാണാം
മറ്റനേക വംശത്തിൻ ചരിതങ്ങൾ

എൻവംശത്തിൻ കഥ രചിച്ചിടാൻ പണ്ടുർ
വ്വിയിൽ ഒരുവരുമില്ലാതെ പോയല്ലോ
ഇനി ഞാനെഴുതിത്തുടങ്ങിടട്ടെ യെൻ
വംശത്തിൻ ചരിതങ്ങളെത്രയും വേഗം





# നിധി

## ശ്രീദേവി പി എസ്  9 A

മഞ്ഞിൻ പുതപ്പണിഞ്ഞ ഏകാന്തമായ ഒരു താഴ്വര. നാലഞ്ച് കുടുബക്കാർ മാത്രമേ ആ ഗ്രാമത്തിൽ താമസിക്കുന്നുള്ളു. അവിടെ ഭാര്യയും ഭർത്താവും മാത്രമായി ഒറ്റപ്പട്ട ഒരു കുടുബം താമസിച്ചിരുന്നു. ചുറ്റുമുള്ളവർ അവരെക്കുറിച്ച് കൂടുതലായി അന്വേഷിക്കാൻ തുടങ്ങി. എന്നാൽ അവർ പരസ്പരം നോക്കിനിന്നതല്ലാതെ ഒരു ഉത്തരവും പറഞ്ഞില്ല. അവരുടെ പൊന്നോമനകുഞ്ഞിന്റെ മരണം അവരെ അത്രമാത്രം തളർത്തിയിരുന്നു. ഇതറിഞ്ഞ മറ്റുള്ളവർ അവരെ ആശ്വസിപ്പിച്ചു. കുറെ നാളുകൾക്കുശേഷം ആ വീടിന്റെ മുറ്റത്ത് ഒരു കുഞ്ഞിന്റെ കരച്ചിൽ കേട്ട് അവർ ഓടിയെത്തി. ദൈവം തന്ന വരദാനമായികണ്ട് അവർ ആ കുഞ്ഞിനെ ജീവതത്തിലേക്ക്  സ്വീകരിച്ചു. അവർ ആ കുഞ്ഞിന് ദേവൻ എന്നു പേരിട്ടു. തുടർന്ന് ആ കുടുംബം സന്തോഷത്തോടെ ജീവിച്ചു .



# ഗാന്ധിജിയുടെ സന്ദേശം

## അഞ്ജലി കൃഷ്ണ 9 A




എന്റെ ജീവിതമാണ് എന്റെ സന്ദേശം എന്നാണ് നമ്മുടെ രാഷ്ട്രപിതാവായ ഗാന്ധിജി വരും തലമുറകളോട് പ്രഖ്യാപിച്ചത്. സന്ദേശമെന്തെന്നു ചോദിക്കുന്നവർ ഉദ്ദേശിക്കുന്നത് ഉപദേശമാണെന്ന് പറയേണ്ടതില്ല. ഉപദേശം കൊടുക്കുന്നവർ അത് കൊടുക്കാൻ തങ്ങൾക്ക് അർഹതയുണ്ടോ എന്ന് ആലോചിക്കാറില്ല. പ്രസംഗത്തിനൊത്തു പ്രവർത്തിക്കുന്നവർക്കേ അർഹതയുള്ളൂ. തന്റെ പ്രസംഗത്തിനു  വിരുദ്ധമല്ല പ്രവൃത്തി എന്നുറപ്പുള്ളവർക്കേ ജീവിതം തന്നെ എന്റെ സന്ദേശമെന്ന് ഉറപ്പിച്ചു പറയാൻ കഴിയൂ. മഹാത്മാഗാന്ധിക്ക് ആ ഉത്തമവിശ്വാസം ഉണ്ടായിരുന്നു. പ്രവർത്തികൊണ്ട് കാട്ടികൊടുത്തവയായിരുന്നു അദ്ദേഹത്തിന്റെ ഉപദേശങ്ങൾ.

സൂര്യനസ്തമിക്കാത്ത സാമ്രാജ്യം അക്കാലത്ത് വിശേഷിപ്പിച്ചിരുന്ന ബ്രിട്ടീഷ് ആധിപത്യത്തിന്റെ ആയുധശക്തിയോട് പൊരുതാൻ അഹിംസയുടെ മാർഗമാണ് ഗാന്ധിജി ഉപയോഗിച്ചത്. നിരായുധസമരത്തിന്റെയും സത്യാഗ്രഹത്തിന്റെയും വഴി. അഹിംസാമാർഗത്തിലൂടെ ബ്രിട്ടൂഷ് സിംഹത്തെ മെരുക്കി മുട്ടുകുത്തിക്കുന്നതിൽ അദ്ദേഹം വിജയിക്കുക തന്നെ ചെയ്തു. അഹിംസ, സ്വാതന്ത്ര്യം, എന്നിവ പോലെ എളിമ. സത്യം, സമത്വം, മതപരമായ ഏകതമുതലായ മൂല്യങ്ങളും അദ്ദേഹത്തിന്റെ ജീവിതമെന്ന സന്ദേശത്തിൽ ഉൾപ്പെടുന്നു. ഇന്ത്യയിലെ കോടിക്കണക്കിന്ുള്ള ദരിദ്രരിലൊരുവനെപ്പോലെ ലളിതമായി ജീവിച്ചു. അദ്ദേഹം സ്ഥാപിച്ച

സബർമതി ആശ്രമത്തിലും വാർധയിലും എല്ലാവരും ലളിതജീവിതം നയിക്കണമെനനന്ന് അദ്ദേഹം നിഷ്കർഷിച്ചു.

സമൂഹത്തിലെ താഴ്ന്നപദവിയിലേക്ക തള്ളപ്പെട്ട ദളിതരെ ഈശ്വരന്റെ മക്കൾ എന്നനിലയ്ക്കാണ് ഗാന്ധിജി ഹരിജനങ്ങൾ എന്ന് വിളിച്ചത്. അവരുടെ ഉന്നമനത്തിനുവേണ്ടി എന്നും പ്രവർത്തിച്ചു. തുല്യർ എന്ന നിലയ്ക്കുള്ള സ്നേഹത്തെയാണ് അദ്ദേഹം കാരുണ്യമായി കണ്ടത്. എല്ലാ മനുഷ്യരെയും തുല്യരായി കാണുന്നതുപോലെ എല്ലാ മതങ്ങൾക്കും തുല്യമായ പ്രാധാന്യവും മഹത്വവും കൽപ്പിച്ചു. ഹിന്ദു-മുസ്ളീം ലഹളയുണ്ടാവുകയും ചോരപ്പുഴയൊഴുകുകയും ചെയ്ത പ്രദേശങ്ങളിൽ സഞ്ചരിച്ച് മതമൈത്രിയുടെ സന്ദേശം പ്രചരിപ്പിക്കുകയാണ് സ്വാതന്ത്ര്യലബ്ധിയുടെ നാളുകളിൽ അദ്ദേഹം ചെയ്തത്.

ആഘോഷങ്ങളിൽ നിന്ന് ഒഴിഞ്ഞുമാറി, മനുഷ്യരുടെ മനസ്സിൽ നന്ന് വിദ്വേഷങ്ങളകറ്റാൻ വേണ്ടി മരണംവരെ ഉപവസിക്കാൻ തീരുമാനിച്ചു. എല്ലാ മതങ്ങളുടെയും പ്രതിനിധികൾ ഒരുമിച്ചു നിന്ന് ഉറപ്പുകൊടുക്കുകയും അക്രമങ്ങൾ ഒടുങ്ങിയെന്ന് ഉറപ്പു കിട്ടുകയും ചെയ്തതിനു ശേഷമാണ് ഉപവാസം നിർത്തിയത്. എന്നിട്ടും മനസ്സു മാറാത്ത ഗോഡ്സെയുടെ കരങ്ങൾ ഉതിർത്ത വെടിയുണ്ടയാൽ രക്തസാക്ഷിയായിത്തീർന്ന അദ്ദഹത്തിന്റെ സന്ദേശം മറക്കാനാവത്തതാണ്. മതമേതായാലും നമ്മളെല്ലാം ഒരേ അമ്മയുടെ ഇന്ത്യയുടെ മക്കളാണ്.





# ശാന്തസുന്ദരമായ പ്രകൃതി

**ആദിത്യ അനിൽ 10 A**

പ്രകൃതിതൻ മടിത്തട്ടിൽ പിറന്ന ഞാൻ
പ്രകൃതിതൻ ഓർമ്മകൾ നിറഞ്ഞൊരു ജീവിതം
പ്രകൃതിതൻ സൗന്ദര്യത്തിൽമയങ്ങി ഞാൻ
പ്രകൃതിയെൻ ഉൾപ്പൂവിൽ നിറഞ്ഞിരിക്കുന്നു

മനുഷ്യജീവിത്തിൻ നിലനില്പിവിടെയാണ്
മനുഷ്യജീവിത്തിൻ നെടുംതൂൺ തന്നെ
ജീവന്റെ തുടിപ്പിനെ കാത്തുരക്ഷിപ്പവൾ
മനുഷ്യന്റെ ദുഷ്ചെയ്തികൾ പൊറുക്കുന്നവൾ

പ്രകൃതിസൗന്ദര്യത്തിലെല്ലാം മറന്നു ഞാൻ
പ്രകൃതിസൗന്ദര്യത്തിലെന്നെ മറന്നു ഞാൻ
പ്രകൃതീശ്വരിയുടെ അനുഗ്രഹത്തിനായി
തൊഴുകൈകളോടെ നില്പൂ ഞാൻ



# ദൈവത്തിന്റെ സ്വന്തം നാട്



## അജ്‌ലി കെ ആർ   10 A

കേരളം അത് ദൈവത്തിന്റെ സ്വന്തം നാടാണ്. കേരളം എന്നു കേട്ടാൽ തന്നെ നമ്മുടെ മനസിലേക്ക് ഓടിയെത്തുക പച്ചപ്പാണ്. കേരം തിങ്ങുന്ന നാടാണ് കേരളം. കേരളത്തിന്റെ മനോഹാരിത അവർണനീയമാണ്. മാവേലിമന്നന്റെ കാലത്ത് കേരളം സമത്വം നിറഞ്ഞതും സന്തോഷം നിറഞ്ഞതുമായിരുന്നു. കള്ളമോ ചതിയോ അനീതിയോ അക്രമമോ അന്നില്ലായിരുന്നു. പൂക്കളും മരങ്ങളും ഔഷധച്ചെടികളും ഭക്ഷ്യവിളകളും ഉത്സവങ്ങളും തിങ്ങിനിറഞ്ഞ നാട്. പണ്ട് മൂന്നു ജില്ലകളിലായിരുന്ന കേരളത്തെ ഭാഷാടിസ്ഥാനത്തിൽ 1956 നവംബർ 1 ന് പതിന്നാല് ജില്ലകളുള്ള സംസ്ഥാനമായി രൂപീകരിച്ചു. അതോടെ കേരളത്തിന്റെ ഭംഗി അല്പംകൂടി കൂടി. കേരളം കൂടുതൽ മനോഹരിയായി... എന്നാൽ ആ അവസ്ഥ മാറി. കാലം മാറിയപ്പോൾ കോലവും മാറി.

മനുഷ്യൻ തങ്ങളുടേതായ സ്വപ്നങ്ങൾക്കുവേണ്ടി മാതൃഭൂമിയെ കൊന്നുകൊണ്ടിരിക്കുന്നു. മനുഷ്യർ ആ മാതൃഭൂമിയെ അവരുടേതു മാത്രമായി കണ്ടു. കേരളത്തിന്റെ പച്ചപ്പുമാറി അത് മരുഭൂമിയായിക്കൊണ്ടിരിക്കുന്നു. മനുഷ്യന്റെ  അഹങ്കാരവും അത്യാഗ്രഹവും മൂലംപ്രകൃതിപോലുംപ്രതികരിച്ചുതുടങ്ങി. പ്രകൃതിയുടെ

രോക്ഷംപ്രകൃതിദുരന്തമായിമാറി..പ്രകൃതിതന്റെദേഷ്യത്തെപ്രളയരൂപ ത്തിൽപ്രതിഫലിപ്പിച്ചു..ആമഹാദുരന്തംമൂലംകേരളത്തിന്പലതുംനഷ്ട പ്പെട്ടുഅനേകായിരംപേർ മരിക്കുകയും ഭവനരഹിതരാകുകയും ചെയ്തു. ദാരിദ്ര്യവും തൊഴിലില്ലായ്മയും വർദ്ധിച്ചു. പ്രകൃതിക്കുതന്നെ മാറ്റങ്ങൾ സംഭവിച്ചു. കേരളത്തിന്റെ പുരോഗതിയുടെയും വികസനപദ്ധതികളുടെയും താളം തെറ്റി.

ആ മഹാദുരന്തത്തിൽ നിന്നും കേരളത്തെ കരകയറ്റാൻ ജനങ്ങളെല്ലാം കൈകോർത്ത് മുന്നേറി. കേരള-കേന്ദ്രസർക്കാരും സന്നദ്ധസംഘടനകളും വിവിധ വിഭാഗങ്ങളും യുവജനങ്ങളും ഒറ്റക്കെട്ടായി ഇറങ്ങിത്തിരിച്ചു. മാവേലിമന്നൻ ആഗ്രഹിച്ചതുപോലെ, ദുരിതാശ്വാസക്യാമ്പിൽ യാതൊരു ഭേദവുമില്ലാതെ ജനം ഒന്നിച്ചു കഴിഞ്ഞു. ആ സഹകരണം പ്രളയത്തെ തോൽപ്പിച്ചു. ഒരേ സമയം അത് കേരളത്തിന് അഭിമാനകരമായ ഒരു മുഹൂർത്തം കൂടിയായിരുന്നു. സമത്വമാണ് ഐക്യകേരളത്തിന്റെ നന്മ. പ്രളയാനന്തരനവകേരളം തികച്ചും അനേകായിരം കരങ്ങളുടെ സംഭാവനയാണ്. ഇനിയും നൂറ്റാണ്ടുകളോളം കേരളം സമത്വത്തിൽ വാഴുമെന്ന് നമുക്ക് പ്രത്യാശിക്കാം. അതിനൊരു പാഠമാകട്ടെ ബാക്കിയേതും....



# നവകേരളം

## ഷിജിത എം എസ്   10 A



നവകേരളസൃഷ്ടിയ്കായി നമുക്കൊന്നായി മുന്നേറാം
ഒത്തൊരുമിച്ചുകേരളത്തെ പഴയതുപോലാക്കീടാം
ആയിരം റോസപ്പൂവുപോലെ ആയിരം പൂർണ്ണചന്ദ്രന്മാർ
പോലെ, വിടരട്ടെ നമ്മുടെ നവകേരളം

മണ്ണാണ് ജീവൻ, മണ്ണിലാണ് ജീവൻ
ഈ മണ്ണിൽനിന്നൊരു പുതുദേശം നിർമ്മിക്കാം
മറ്റൊന്നിനും തകർക്കാനാവത്തൊരു
നവകേരളം വളരട്ടേ വീണ്ടും

ഇന്നലെ പെയ്തോരു മഴയെ
ഇന്നിന്റെ നന്മയ്ക്കായി മാറ്റീടാം
ഐക്യത്തോടെ മുന്നേറാം ഈ ദേശത്തെ
മറ്റൊരു മാവേലിനാടാക്കി മാറ്റാം





# പ്രളയാനന്തര നവകേരളം

## സജോ വർഗീസ് 8 B

നമ്മുടെ നാടായ കേരളം പ്രളയത്തിൽ അകപ്പെട്ട വലഞ്ഞകുറെ നാളുകൾ നാം കണ്ടു കഴിഞ്ഞു. ചിന്താശേഷി നഷ്ടപ്പെട്ട കുറെ മനുഷ്യരുടെ പ്രവർത്തനങ്ങളാണ് ഇതിനു കാരണം. വിശ്വസങ്ങളും ആചാരങ്ങളും തെരുവിൽ വലിച്ചുകീറപ്പെടുന്ന ഒരു അവസ്ഥയും ഇന്ന് ദർശിക്കാം. പലതിന്റെയും മുമ്പിൽ ഒരു നോക്കുകുത്തി പോലെ നില്ക്കേണ്ടി വരുന്നതാണ് സാധാരണക്കാരന്റെ അവസ്ഥ. നമുക്ക് നമ്മുടെ കേരളം പ്രളയത്തിനു മുമ്പേ നഷ്ചടപ്പെട്ടു എന്നുവേണം കരുതാൻ. പ്രളയം അതിന് ഒരു ഉദാഹരണം മാത്രം.


ഈ പ്രളയം മനുഷ്യന്റെ അത്യാർത്തിയും സ്വർത്ഥതയും മൂലമാണ് ഉണ്ടായത്. പ്രകൃതിയെ നശിപ്പിക്കാൻ ശ്രമിച്ച മലയാളിക്കു ലഭിച്ച ഏറ്റവും വലിയ തിരിച്ചടിയായിരുന്നു അത്. പരമാവധി സംഭരണശേഷിവരെ നിറഞ്ഞ ഡാമുകൾ ഒരുമിച്ച് തുറന്നുവിട്ടപ്പോൾ വെള്ളത്തിന് ഭൂമിയിൽ താഴാനുള്ള, ഒഴുകിപ്പോകാനുള്ള സ്ഥലമില്ലാതെ വന്നു. പാടശേഖരങ്ങൾ നികത്തി കെട്ടിടങ്ങൾ പണിതതും നദികളും തോടുകളും കയ്യേറിയതും ഒരു പരിധിവരെ ഇതിനു കാരണമായി.

പ്രളയം മൂലം കേരളത്തിന്റെ പച്ചപ്പിനും ശാലീനതയ്കും കോട്ടം തട്ടി. ഇനി വരുന്ന തലമുറയ്ക്ക്, ദൈവത്തിന്റെ സ്വന്തം നാട് എന്നറിയപ്പെടുന്ന കേരളം പച്ചപ്പ് നിറഞ്ഞ, കേരവൃക്ഷങ്ങളാലും നദികളാലും തോടുകളാലും എല്ലാംകൊണ്ടും സമ്പന്നമായ നാട് ഒരു കടങ്കഥ മാത്രമായിരിക്കും. മനുഷ്യന്റെ അത്യാർത്തി മൂലമുണ്ടായ ഈ പ്രളയത്തെയും ഇപ്പോഴത്തെ അവന്റെ ചിന്താഗതികളെയും കൂട്ടിവായിച്ചാൽ  കേരളം ഒരു ഭ്രാന്താലയമാണ് എന്ന സ്വാമി വിവേകാനന്ദന്റെ വാക്കുകൾ അന്വർത്ഥമാണ്.

പ്രളയത്തിൽ അകപ്പെട്ടുപോയ നമ്മുടെ കേരളത്തെ തിരികെ കൊണ്ടുവരാൻ, നാം കഠിനമായി പ്രയത്നിക്കുകതന്നെ വേണം. കേരളത്തെ തിരിച്ച് പിടിക്കുക എന്നത് നമ്മുടെ കർത്തവ്യമാണ്. പ്രതികരണശേഷി നഷ്ടപ്പെട്ട നമ്മുടെ അസ്ഥിത്വത്തെ വേണം നാം ആദ്യം തിരിച്ചുപിടിക്കേണ്ടത്. മുൻതലമുറക്കാർ ജീവിച്ചതുപോലെ, പരസ്പര സ്നേഹത്തിലും ഐക്യത്തിലും നമുക്ക് മുന്നേറാം. പ്രകൃതിയുമായി ഒരു ആത്മബന്ധം സൃഷ്ടിക്കാൻ നമുക്ക് സാധിക്കണം. പ്രകൃതിയോട് ഇണങ്ങി ജീവിക്കാൻ അടുത്ത തലമുറയെ പരിശീലിപ്പിക്കണം. വിദ്യാഭ്യാസത്തോടൊപ്പം പ്രകൃതിസ്നേഹവും അവരിൽ നിറയട്ടെ. എല്ലാവരുടെയും നന്മ നിറഞ്ഞ മനസ്സുകൾ കൊണ്ടുള്ള ഒരു നവകേരളം നമുക്ക് വാർത്തെടുക്കാം.

ഏവർക്കും ഒത്തൊരുമിച്ച നി ന്ന്ശ്യാമസുന്ദരകേരകേദാര ഭൂമിയെ തിരികെ കൊണ്ടുവരാം. ഈ മഹാദുരന്തത്തിൽ നിന്ന് നമ്മെ കരകയറ്റാൻ സഹായിച്ച എല്ലാവരേയും നന്ദിയോടെ സ്മരിക്കാം.





# താങ്ങാകുവാൻ

## ജോസ്മി തോമസ് 9 A

കേരളമേ നിൻ മാറിൽ എന്നും നിനക്കായി
ചായുന്ന കേഴുന്ന ഞങ്ങൾ
നിൻ ജീവശ്വാസത്തിൽ മങ്ങലേൽക്കുന്ന
പ്രളയം വിഴുങ്ങുന്ന വീണ്ടും

കനിവിൻ കരങ്ങളെ തേടുന്ന നീ
മനുഷ്യമക്കളെ താങ്ങുന്ന നീ...
മനംനൊന്തകാഴ്ചയിൽ നെടുവീർപ്പുമായി
എല്ലാം തകരുന്ന വീണ്ടും...

കൈകോർക്കുന്ന ഞങ്ങൾ
നിന്നെ തുണയ്ക്കുവാൻ
കേരളം നവമാക്കുവാൻ...
ഉദിക്കുന്ന വീണ്ടും...

പുതുജന്മ വീഥിയിൽ ദിവ്യമാം പുതുകേരളം
സത്യം ജയിക്കുന്ന, മന്നിൻ വിളക്കായ
സൂര്യൻ വീണ്ടും ഉദിക്കുന്നു...

# തത്ത്വചിന്തകൾ

## ശേഹരണം - സജോ വർഗീസ്



- അറിവിനേക്കാൾ പ്രാധാന്യം ഭാവനയ്ക്കാണ്

ആൽബർട്ട് ഐസ്റ്റീൻ

- പ്രാർത്ഥിക്കുന്നത് മറ്റുള്ളവരെ കാണിക്കാൻ വേണ്ടി ആകരുത്

ബൈബിൾ

- ശരിയാണെന്നറിയുന്നത് ചെയ്യാതിരിക്കുന്നതിന് ഒരുകാരണമേയുള്ളൂ, ഭീരുത്വം

കൺഫ്യൂഷ്യസ്

- സംഘടനകൊണ്ട് ശക്തരാകുക വിദ്യകൊണ്ടു പ്രബുദ്ധരാകുക

ശ്രീ നാരായണഗുരു

- ആർക്കും ചരിത്രം സൃഷ്ടിക്കാം ഒരു മഹാനുമാത്രമേ അത് എഴുതാനാവൂ

ഓസ്കാർ വൈൽഡ്

- ഒരായിരംപേരെ ഒരായിരം യുദ്ധത്തിൽ ജയിക്കുന്നതിനേക്കാൾ സ്വയം ജയിക്കുന്നതാണ് ഏറ്റവും വലിയ ജയം

ശ്രീബുദ്ധൻ

- അധ്വാനം കൂടാതെ ആഹാരം കഴിക്കുന്നവൻ മോഷ്ടിച്ച ഭക്ഷണമാണ് കഴിക്കുന്നത്


ഭഗവത്ഗീത

- ജീവിതത്തിൽ സൂക്ഷ്മതയുള്ളവർക്കു കണക്കു നോക്കേണ്ട ബാധ്യതയില്ല

ഖുർ ആൻ








# തീരം തേടി

## ആർദ്ര കെ അപ്പുക്കുട്ടൻ   9 A

അച്ഛനും അമ്മയ്ക്കും ചേട്ടനുമൊപ്പം ഉല്ലസിച്ചു നടന്ന കുട്ടിക്കാലം. സുഖദുഃഖസമ്മിശ്രമായ ആ നിമിഷങ്ങൾക്ക് എന്റെ ശ്രദ്ധക്കുറവുമൂലം ഏറ്റക്കുറച്ചിലുകൾ വന്നുകൊണ്ടിരുന്നു. സ്കൂളിലെ എന്റെ നല്ല സുഹൃത്ത് ഉണ്ണിയായിരുന്നു. ഞങ്ങളുടെ കൂടെ പഠിക്കുന്ന രുദ്രൻ ഒരു ദിവസം എനിക്ക് എന്തോ ഒന്ന് കഴിക്കാൻ തന്നു. രുചിയുടെ ആ മേളം എന്നെ ഏതോ മായികലോകത്ത് എത്തിച്ചു. ഉണ്ണിയുമായി വഴക്കിട്ടു പിരിഞ്ഞു. പിന്നീടെപ്പോഴോ വീട്ടിലുള്ളവരോടും കലമ്പിച്ചു തുടങ്ങി.

ബോധാബോധങ്ങളുടെ ഇടയിൽ നൂലുപൊട്ടിയ പട്ടം പോലെ പാറിനടന്നിരുന്ന എന്നെയോർത്ത്, എല്ലാവരും വിഷമിക്കാത്ത ഒരു ദിവസം പോലും  ഇല്ലായിരിന്നു. ചികിത്സിച്ച് ഭേദമാക്കാനുള്ള അവരുടെ തത്രപ്പാടുകൾ എന്നും വിഫലമായിരുന്നു. ഒരിക്കൽ മുകളിലത്തെ നിലയിൽ ബോധരഹിതനായി കിടന്ന എന്നെ അമ്മവിളിച്ചുണർത്തി...ഇല്ല!..ഇന്നതൊന്നും ഓർക്കുന്നതിനേ കഴിയുന്നില്ല...മയക്കം വിട്ടുണർന്ന ഞാൻ...ഏതോ ഭ്രാന്തിന്റെ വിസ്മൃതിയിൽ...അമ്മയുടെ തലയ്ക്കുട്ട് ഒരു അടി അടിച്ചു...സമീപത്ത് കിടന്ന ചുറ്റികയായിരുന്നു ആയുധം....

അമ്മയുടെ മരണത്തോടെ വീട്ടുകാർ എന്നെ ഉപേക്ഷിച്ചു...ഭ്രാന്താലയത്തിന്റെ ഇരുമ്പഴിക്കുള്ളിൽ ഏകനായി ഞാൻ ചുറ്റിത്തിരിഞ്ഞു...ഏതാനും വർഷങ്ങൾക്കു ശേഷം പുറംലോകത്തിന്റെ ചലനങ്ങൾ ഞാൻ തിരിച്ചറിയാൻ തുടങ്ങി...പുറത്തിറങ്ങിയ ഞാൻ വീട്ടിലേയ്ക്കുള്ള വഴിപോലും മറന്നിരുന്നു... എന്നെ ആരും അന്വേഷിച്ച് വന്നതുമില്ല...മുന്നിൽകണ്ട പാതയിലൂടെ ഏതോ യന്ത്രമെന്നപോലെ ഞാൻ ചലിച്ചുകൊണ്ടേയിരുന്നു....ശാശ്വതമായ ശാന്തിയുടെ ഏതോ തീരം തേടി...






# *ENGLISH*

# *CARNIVAL*


***THASNI K SALAM 9 B***



Once I went to a carnival
which had took me to another
I stood in wonder
on seeing the carnival
shops rides and many other things
that took me to a world of joy
shops with ornaments
rides with bikes
I felt I was in a magical world.
The shops were colourful
like a rainbow



while walking through the middle of the shops
I felt I was walking through the magical land.
There were shops and shows
that were attracting me to them
like a magnet
walking through there
my eyes caught a sight of a flower show
it gave my eyes a joyful sight
It made my day a pleasureful one
enjoying that beautiful sight
I don't think about the time then it was time for me to leave
but my mind was not allowing me to leave
it was a carnival
that I have ever seen my life.



# COMPUTER QUIZ

## Compiled by ANDREA SEBASTIAN

1. What is the full form of CPU?
2. Micro chips are being used in -----.
3. Program written using binary code is called-------.
4. What is ROM?
5. What is RAM?
6. The hard ware is also called--------
7. The personal computer industry was started by -----
8. A set of 8 bits is called--------
9. A set of 4 bites is called-------
10. What is full form of E N I A C?
11. Who is father of computer?
12. Who invented WWW?
13. Who launched face book?
14. When was face book launched?
15. When was WWW invented?



# *ANSWERS*



1. Central Processing Unit
2. 4th generation Computer
3. Machine language
4. Read Only Memory
5. Random Access memory
6. Winchester drive
7. Apple
8. Byte
9. Nibble
10. Electronic Numerical Integrator and computer
11. Charles Babbage
12. Tumberners  Lee
13. Mark Zucherberg
14. 2004
15. 1989

# *TRUE FRIENDSHIP*




## *IRINE MARY REGI 9 B*

Friendship is one of the purest forms of relation that exits on this earth. Getting a sincere and loving friend is perhaps the best gift from God, which only lucky few get. Human being always tends to long for emotional support and a social life. They craze for love and compassion everywhere.

A true friend may criticize you so that you may come out of your short coming. He may guide like tunnel of light, when you take a wrong path. Friendship is a divine word. Treasure it! craze for it in life if you don't have one. Try to search out one.





# *MAN AND ENVIRONMENT*

*ANDREA SEBASTIAN 9 B*

The creator created the earth and decorated it with everything that man needed and gave him for his pleasure. Thus this earth was blessed with natural resources, thick forest, number of rivers, high mountains, pasters and plains. All animals including man enjoyed it varied resources. But now for the sake of or in the name of development, they are being exploited in careless and selfish manner. One side, the mighty people encroaches the forest trees are being cut down. On the other side greedy people grab land and building resorts. Thus, those who are supposed to be The protector of the environment become destroyer of it. Are we not duty bound to protect our environment?

Environment means all that surrounds us. It consists of the climate, geography, geology and all the natural resources that nature has been bestowed upon us. Life is there because of our peculiar biosphere and ecosystem.

Our life depends on healthy and balanced environment conditions. Our health, working habits, lifestyle and behaviour etc. are

closely linked with all that surrounds us. The climate is an integral part of the environment. The same way forests play an important role in controlling the climatic conditions. The varied climatic conditions on our planet have been responsible for all that we have in our culture, clothing, food, festival and social customs.

There is a direct correlation between environmental conditions and human physiological functions, preservation and protection of environment means to keep the nature intact. But the rapid growth in human population had adversely affected our land, forests, water and atmosphere.

It is imperative that we soon strike a balance between our environment and industrial development. Many of our power and industrial projects based on coal, should be far away from cities, lakes and coastal area and there should be installation of all necessary pollution control mechanism and devices for the treatment of waste products. It is our duty to keep our environment as good as we can. It is our responsibility to save our mother earth from pollutions. Here, it is apt to remember the words of the great writer O N V Kurup, “there are germs everywhere in the path we walk, in the water we drink and in the air we breathe in. Living on this earth is the eighth wonder of the world.” Is our Earth degraded to that extend? Our over exploitation of gifts of nature has created an unprecedented chaos in the environment. The level

of groundwater is going down because of too much indiscriminate pumping of water. Let's keep in mind that this earth does not belong to man but the man belongs to this earth.





# EXAM A CRICKET MATCH


## JEEVA THOMAS 9 B

I feel my exam like an IPL match
I feel the pen as Bat and
Questions are Ball
I feel the wrong answer s are Stump
I feel the exam hall as Stadium
And the students as Players
I feel the back ground as Audience
And my answer sheet as Pitch
I feel my teacher as Umpire and the
Wall of exam hall as Boundary
So I pray to God for getting Centuries For all my Matches.



# OLYMPICS





**Compiled by**
**ANDREA SEBASTIAN 9 B**

| OLYMPIAD | YEAR | CITY | COUNTRY | DATES |
|---|---|---|---|---|
| I | 1896 | Athens | Greece | April 6 to 15 |
| II | 1900 | Paris | France | May 14 to October 28 |
| III | 1904 | St. Louis | United States | July 1 to November 23 |
| IV | 1908 | London | United Kingdom | April 27 to October 31 |
| V | 1912 | Stockholm | Sweden | May 5 to July 22 |
| VI | 1916 | Berlin | Germany | Cancelled due to WW I |
| VII | 1920 | Antwerp | Belgium | April 20 to September 12 |
| VIII | 1924 | Paris | France | May to July 27 |
| IX | 1928 | Amsterdam | Netherlands | May 17 to August 12 |
| X | 1932 | Los Angeles | United States | July 30 to August 14 |
| XI | 1936 | Berlin | Nazi Germany | August 1 to 16 |
| XII | 1940 | Tokyo<br>Helsinki | Empire of Japan<br>Finland | Cancelled due to WW II |
| XIII | 1944 | London | United Kingdom | July 23 to August 13 |
| XIV | 1948 | London | United Kingdom | July 29 August 14 |
| XV | 1952 | Helsinki | Finland | July 19 to August 3 |
| XVI | 1956 | Melbourne<br>Stockholm | Australia<br>Sweden | June 10 to 17 |
| XVII | 1960 | Rome | Italy | August 25 to September 11 |
| XVIII | 1964 | Tokyo | Japan | October 10 to 24 |
| XIX | 1968 | Mexico City | Mexico | October 12 to 27 |

| | | | | |
|---|---|---|---|---|
| XX | 1972 | Munich | West Germany | August 26 to September 11 |
| XXI | 1976 | Montreal | Canada | July 17 to August 1 |
| XXII | 1980 | Moscow | Soviet Union | July 19 to August 3 |
| XXIII | 1984 | Los Angeles | United States | July 28 to August 12 |
| XXIV | 1988 | Seoul | South Korea | September 17 to October 2 |
| XXV | 1992 | Barcelona | Spain | July 25 to August 9 |
| XXVI | 1996 | Atlanta | United States | July 19 to August 4 |
| XXVII | 2000 | Sydney | Australia | September 15 to October 1 |
| XXVIII | 2004 | Athens | Greece | August 13 to 29 |
| XXIX | 2008 | Beijing | China | August 8 to 24 |
| XXX | 2012 | London | United Kingdom | July 27 to August 12 |
| XXXI | 2016 | Rio de Janeiro | Brazil | August 5 to 21 |
| XXXII | 2020 | Tokyo | Japan | July 24 to August 9 |
| XXXIII | 2024 | Paris | France | July 26 to August 11 |
| XXXIV | 2028 | Los Angeles | United States | July 21 to August 6 |
| XXXV | 2032 | ..................... | .................................. | ........................................... |



# ASIAN GAMES


Compiled by
ANDREA SEBASTIAN





| ASIAN GAMES | YEAR | CITY | COUNTRY | DATES |
|---|---|---|---|---|
| I | 1951 | New Delhi | India | March 4th to 11th |
| II | 1954 | Manila | Philippines | May 1st to 9th |
| III | 1958 | Tokyo | Japan | May 24th to June 1st |
| IV | 1962 | Jakarta | Indonesia | August 24th to September 4th |
| V | 1966 | Bangkok | Thailand | December 9th to 20th |
| VI | 1970 | Bangkok | Thailand | December 9th to 20th |
| VII | 1974 | Tehran | Iran | September 1st to 16th |
| VIII | 1978 | Bangkok | Thailand | December 9th to 20th |
| IX | 1982 | New Delhi | India | November 9th to December 4th |
| X | 1986 | Seoul | South Korea | September 20th October 5th |
| XI | 1990 | Beijing | China | September 22nd October 7th |
| XII | 1994 | Hiroshima | Japan | October 2nd to 16th |
| XIII | 1998 | Bangkok | Thailand | December 6th to 20th |
| XIV | 2002 | Busan | South Korea | September 29th to October 14th |
| XV | 2006 | Doha | Qatar | December 1st to 15th |
| XVI | 2010 | Guangzhou | China | November 12th to 27th |
| XVII | 2014 | Incheon | South Korea | September 19th to October 4th |
| XVIII | 2018 | Jakarta-Palembang | Indonesia | August 18th to September 2nd |
| XIX | 2022 | Hangzhou | China | September 10th to 25th |
| XX | 2026 | Nagoya | Japan | September 19th to October 4th |
| XXI | 2030 | .................. | ..................... | ................................ |

## കുട്ടി ആർട്ടിസ്റ്റുകൾ




ജോസ്മി തോമസ് 9 A



അമീന ഷിഹാബുദീൻ 9 B




മാത്യൂ സെബാസ്റ്റ്യൻ 5 B



ജോസ്ന തോമസ് 6 A







ആസിഫ് മുഹമ്മദ് 9 B

# ലിറ്റിൽ കൈറ്റ്സിന്റെ ചില പ്രവർത്തനങ്ങൾ ...



ലിറ്റിൽ കൈറ്റ്സിന്റെ ഉത്ഘാടനം



വിദഗ്ധർ ക്ലാസ്സെടുക്കുന്നു



ലിറ്റിൽ കൈറ്റ്സ് ഫാമിലി



സ്കൂൾ ക്യാമ്പ്

അനിമേഷൻ ക്ലാസ്





സോണൽ ക്യാമ്പിലെ പങ്കാളിത്തം



# അണിയറയിൽ ...

ചീഫ് എഡിറ്റർ: ആസിഫ് മുഹമ്മദ്

സബ് എഡിറ്റേഴ്സ്: ആൻഡ്രിയ സെബാസ്റ്റ്യൻ
പാർവതി ആർ നായർ
ആർദ്ര കെ അപ്പുക്കുട്ടൻ
ഷെബിൻ ബിജു

അദ്ധ്യാപക സഹായികൾ:

സെബാസ്റ്റ്യൻ എം പി (ലിറ്റിൽ കൈറ്റ്സ് മാസ്റ്റർ)

എലിസബത്ത് മാത്യു (ലിറ്റിൽ കൈറ്റ്സ് മിസ്ട്രസ്)